**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **09-02-2023 - ൽ മറുപടിയ്ക്ക്**

**അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ നാൽപ്പത്തിയെട്ട് മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം സംസ്ഥാന സർക്കാർ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് ആദ്യത്തെ **നാൽപ്പത്തിയെട്ട് മണിക്കൂറിൽ സൗജന്യ ചികിത്സ നൽകുന്നതിനുള്ള ഗോൾഡൻ ഔവർ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി റോഡപകടങ്ങളിൽപ്പെടുന്ന തദ്ദേശീയരും വിദേശീയരുമായ ആളുകൾക്ക് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ 48 മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തോടെയുള്ള റിപ്പോർട്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.** |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിൽ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ട്രോമകെയർ പദ്ധതി നിലവിൽ സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുണ്ട്. ട്രോമ കെയറിന്റെ സ്റ്റേറ്റ് പ്ലാൻ അനുസരിച്ച് സ്റ്റേറ്റ് ഹൈവേയുടെയും നാഷണൽ ഹൈവേയുടെയും അരികിലുള്ള തിരഞ്ഞെടുക്കപ്പെട്ട 52 സ്ഥാപനങ്ങളിൽ ട്രോമ കെയർ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിൽ എറണാകുളം ജനറൽ ആശുപത്രിക്കും കണ്ണൂർ ജില്ലാ ആശുപത്രിക്കും 12 -ാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള വിഹിതം ലഭിക്കുകയും ഇപ്പോൾ ലവൽ 3 ട്രോമകെയർ സെന്ററുകളായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. |
| (സി) | നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ തിരഞ്ഞെടുത്ത ദേശീയപാതയിലെ അപകട മേഖലകൾക്ക് | (സി) | "Health System Strengthening for Trauma Care" 2016-2020 സ്റ്റേറ്റ് ആക്ഷൻ പ്ലാൻ പ്രകാരം 29 സ്ഥാപനങ്ങളെയാണ് ആരോഗ്യ വകുപ്പിന് കീഴിൽ |

| | | | |
|---|---|---|---|
| | സമീപത്തായി ട്രോമ സ്റ്റെബിലൈസേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | കണ്ടെത്തിയിരിക്കുന്നത്. ഇതിന് പുറമേ കണ്ടെത്തിയ 23 സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി ഘട്ടം ഘട്ടം എന്ന രീതിയിൽ എല്ലാ സ്ഥാപനങ്ങളിലും ട്രോമ കെയർ സെന്ററുകൾ പ്രവർത്തന സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ